പതിനാലാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം-2

2017 മേയ് 23

നമ്പർ.256

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ ചട്ടം 118 പ്രകാരം നോട്ടീസ് നൽകിയ താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി നൽകിയിരിക്കുന്നു.

"ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന, അവിദഗ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള കുടുംബങ്ങൾക്ക് പ്രതിവർഷം 100 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് 2005-ൽ പാർലമെന്റ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമം പാസ്സാക്കിയിട്ടുള്ളത്. തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം അതുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ചും പ്രസ്തുത നിയമത്തിൽ സുവ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 3(3) പ്രകാരം തൊഴിലാളികൾക്ക് അവർ തൊഴിലെടുത്ത് രണ്ടാഴ്ചയ്ക്കകം വേതനം ലഭിക്കുവാൻ അർഹതയുണ്ട്. നിയമത്തിന്റെ പട്ടിക II ഖണ്ഡിക 29 പ്രകാരം മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനുള്ളിൽ അർഹതപ്പെട്ട വേതനം നൽകിയില്ലായെങ്കിൽ വേതനം നൽകുന്നതിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുവാൻ തൊഴിലാളികൾക്ക് അവകാശമുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം തൊഴിലാളികൾക്ക് അർഹമായ കൂലിയിനത്തിൽ ലഭിക്കേണ്ട 2146.05 കോടി രൂപയിൽ 1386.70 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ 2016-17 വർഷം അനുവദിച്ച് നൽകിയിട്ടുള്ളത്. സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കേണ്ടുന്ന 759.35 കോടി രൂപയുടെ വേതനം 2016 നവംബർ മാസം മുതൽ 2017 മാർച്ച് 31 വരെ കുടിശ്ശികയുണ്ടായിരുന്നു. ഈ തുക അനുവദിക്കുന്നതിനു പകരം 2017 ഏപ്രിൽ മാസം 122.83 കോടി മാത്രമാണ് അനുവദിച്ചത്. അങ്ങനെ 2017-18 സാമ്പത്തിക വർഷം കൂലി ഇനത്തിൽ ലഭിക്കേണ്ട 46.87 കോടി രൂപയും കഴിഞ്ഞ വർഷത്തെ ബാക്കി ലഭിക്കേണ്ട 636.52 കോടി രൂപയും ഉൾപ്പെടെ ആകെ 683.39 കോടി രൂപയാണ് നിലവിൽ കുടിശ്ശികയായി ലഭിക്കേണ്ടത്. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ കേരളത്തിന് അനുവദിക്കപ്പെട്ട 4.5 കോടി തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി മുൻകൂർ ലഭിക്കേണ്ട തുകയും അനുവദിക്കപ്പെട്ടിട്ടില്ല. 2016-17 വർഷത്തെ കുടിശ്ശിക തുകയും 2017-18 വർഷത്തേക്കുള്ള മുൻകൂർ തുകയും അടക്കം ആകെ 122.83 കോടി രൂപ മാത്രമാണ് സംസ്ഥാനത്ത് കേന്ദ്രസർക്കാർ 10.04.2017 ലെ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളത്. ഇതേ ദിവസം തന്നെ മറ്റ് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട തുക കേന്ദ്രസർക്കാർ നൽകിയിട്ടുമുണ്ട്.

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ 32.39 ലക്ഷം കുടുംബങ്ങൾക്കാണ് തൊഴിൽ കാർഡ് ഉള്ളത്. ഇതിൽ 18.34 ലക്ഷം കുടുംബങ്ങൾ ഈ പദ്ധതിയിൻ കീഴിൽ സജീവമായി തൊഴിൽ ചെയ്യാൻ വരുന്നവരാണ്. ഈ പദ്ധതിയിൽ പണിയെടുക്കുന്നതിൽ 90 ശതമാനത്തിലേറെയും സ്ത്രീകളാണ്. നിർദ്ധന കുടുംബത്തിൽപ്പെട്ട സ്ത്രീകൾ പകലന്തിയോളം പൊരിവെയിലത്ത് പണി ചെയ്തതിന്റെ കൂലി നിരവധി തവണ ആവശ്യപ്പെട്ടിട്ടും, നേരിൽ പോയി ബന്ധപ്പെട്ട കേന്ദ്രമന്ത്രിയെ കണ്ട് അഭ്യർത്ഥിച്ചിട്ടും, ബഹു. മുഖ്യമന്ത്രി ഈ വിഷയം ചൂണ്ടിക്കാട്ടി ബഹു. പ്രധാനമന്ത്രിയ്ക്ക് കത്തയച്ചിട്ടും കുടിശ്ശിക ഇനിയും നൽകാത്ത കേന്ദ്രസർക്കാർ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ജൂൺമാസത്തിൽ സ്കൂളുകൾ തുറക്കുന്നതിനോടനുബന്ധിച്ച് കുട്ടികൾക്ക് പഠന സാമഗ്രികളും യൂണിഫോമുകളും മറ്റും വാങ്ങുന്നതിനായി വീട്ടമ്മമാരായ സ്ത്രീ തൊഴിലാളികൾ കരുതിവയ്ക്കുന്ന തുക യഥാസമയം ലഭിക്കാത്തതുമൂലം ലക്ഷക്കണക്കിന് കുടുംബങ്ങളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്.

2017 ഏപ്രിൽ ആദ്യം കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് പദ്ധതി തുക അനുവദിച്ച അവസരത്തിൽ കേരളത്തിന് അർഹതപ്പെട്ട തുക അനുവദിക്കാതെ വളരെ തുച്ഛമായ തുകയാണ് അനുവദിച്ചത്. അതേസമയം മറ്റു പല സംസ്ഥാനങ്ങൾക്കും അർഹതപ്പെട്ട തുക നൽകി. പദ്ധതി തുക അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ കേരളത്തിനോട് കാണിക്കുന്ന വിവേചനത്തിൽ ഈ സഭ പ്രതിഷേധിക്കുന്നു

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിയിനത്തിൽ ന്യായമായി ലഭിക്കേണ്ട കുടിശ്ശിക തുകയായ 683.39 കോടി രൂപ നിയമപരമായി അർഹതപ്പെട്ട നഷ്ടപരിഹാരം സഹിതം കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു"

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.